(ബി) ഹയർ സെക്കന്ററി തലത്തിൽ കായിക പഠനം ഐച്ഛിക വിഷയമാക്കുന്നതു സംബന്ധിച്ച് നിലപാട് എന്താണ് എന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തിന് കായിക സർവ്വകലാശാല അനുവദിക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ ഉറപ്പ് ലഭിച്ചിട്ടുണ്ടോ ;

(ഡി) പദ്ധതി കേന്ദ്ര സർക്കാർ അംഗീകരിച്ചാൽ മൊത്തം ചെലവിന്റെ എത്ര ശതമാനം സംസ്ഥാനം വഹിക്കേണ്ടിവരുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സ്പോർട്സ് മാനേജ്മെന്റ്, സ്പോർട്സ് അഡ്മിനിസ്ട്രേഷൻ, സ്പോർട്സ് ജേണലിസം, സ്പോർട്സ് സയൻസിൽ ഗവേഷണം

(ബി) പരിഗണനയിലാണ്.

(സി) ഇല്ല.

(ഡി) ബാധകമല്ല.

നീന്തൽ പരിശീലനം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി

253 (1981) ശ്രീ. അൽഫോൺസ് കണ്ണന്താനം :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. കെ. ടി. ജലീൽ :
ശ്രീ. സി. എച്ച് കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾതലത്തിലുള്ള എല്ലാ കുട്ടികളെയും നീന്തൽ പരിശീലിപ്പിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) കായികവിദ്യാഭ്യാസം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് നീന്തൽപരിശീലനത്തിന് മുഖ്യസ്ഥാനം നൽകാൻ നടപടി സ്വീകരിക്കുമോ ;

(സി) സംസ്ഥാനത്ത് ലഭ്യമായ കുളങ്ങളും ജലസ്രോതസ്സുകളും ഇതിനായി നവീകരിക്കാൻ പദ്ധതി ആവിഷ്ക്കരിക്കുമോ ;

(ഡി) ജില്ലാ സ്പോർട്ട്സ് കൗൺസിലുകളുടെയും ജില്ലാ അക്വാട്ടിക് അസോസിയേഷനുകളുടെയും സഹകരണത്തോടെ പരിശീലന പദ്ധതി വിപുലീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) സ്കൂൾ പാഠ്യപദ്ധതിയിൽ നീന്തൽ പരിശീലനവും ഉൾപ്പെടുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചർച്ച ചെയ്തു വരുന്നു. എന്നാൽ 'ടേക്ക് എ സ്പ്ലാഷ്' (Take a Splash) എന്ന ഒരു പദ്ധതി സ്കൂളുകളിൽ ഈ വർഷം

LIBRARY ARCHIVES Kerala Legislative Assembly

മുതൽ ആരംഭിച്ചിട്ടുണ്ട്. കേരള സ്പോർട്സ് കൗൺസിൽ, ജില്ലാ അക്വാട്ടിക് അസോസിയേഷൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹായത്തോടെ കഴിഞ്ഞ മധ്യവേനലവധിക്കാലത്ത് വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകുകയുണ്ടായി. ഈ പദ്ധതി തുടർന്നുകൊണ്ടുപോകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) ഇതിനായി പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്.

(ഡി) നടപടി സ്വീകരിക്കുന്നതാണ്.

'പഞ്ചായത്ത് യുവക്രീഡാ ഔർ ഖേൽ അഭിയാൻ പദ്ധതി'

254 (1982) ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. എ. എം. യൂസഫ് :
ശ്രീ. അൽഫോൺസ് കണ്ണന്താനം :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്ത് യുവക്രീഡാ ഔർ ഖേൽ അഭിയാൻ പദ്ധതി പ്രകാരം സംസ്ഥാനത്ത് നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ ;

(ബി) ഈ പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ എന്തെല്ലാമാണ് ;

(സി) ഈ വർഷം എത്ര ഗ്രാമപഞ്ചായത്തുകളിലും ബ്ലോക്ക് പഞ്ചായത്തുകളിലും പദ്ധതി നടപ്പിലാക്കുമെന്ന് വ്യക്തമാക്കുമോ ;

(ഡി) പദ്ധതിക്കായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ എത്ര തുക ഇതിനകം വിനിയോഗിച്ചിട്ടുണ്ടെന്നും, പദ്ധതി പ്രകാരം ഓരോ പഞ്ചായത്തിനും എത്ര ലക്ഷം രൂപ വീതം ലഭിക്കുമെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 2008-09-ൽ 100 ഗ്രാമപഞ്ചായത്തുകളിലും 14 ബ്ലോക്ക് പഞ്ചായത്തുകളിലും 'പൈക്ക' പദ്ധതി നടപ്പിലാക്കി. 2009-10-ൽ പുതിയ 100 ഗ്രാമ പഞ്ചായത്തുകളിലേക്കും 15 ബ്ലോക്ക് പഞ്ചായത്തുകളിലേക്കും ഈ പദ്ധതി വ്യാപിപ്പിച്ചിട്ടുണ്ട്. 2010-11-ൽ പുതിയ പഞ്ചായത്ത് സമിതികൾ നിലവിൽ വന്ന സാഹചര്യത്തിൽ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി പുതിയ 100 ഗ്രാമപഞ്ചായത്തുകളും, 14 ബ്ലോക്ക് പഞ്ചായത്തുകളും ഉൾക്കൊള്ളിച്ചു കൊണ്ടുള്ള നിർദ്ദേശം തയ്യാറാക്കിവരുന്നു.

(ബി) ഇതു സംബന്ധിച്ച കേന്ദ്ര മാർഗ്ഗ നിർദ്ദേശങ്ങൾ ക്രോഡീകരിച്ചു തയ്യാറാക്കിയ കൈപ്പുസ്തകത്തിന്റെ പകർപ്പ് അനുബന്ധം I ആയി ചേർക്കുന്നു.*

(സി) കേന്ദ്ര മാർഗ്ഗ നിർദ്ദേശാനുസരണം 100 ഗ്രാമപഞ്ചായത്തുകളിലേക്കും 14 ബ്ലോക്ക് പഞ്ചായത്തുകളിലേക്കും കൂടി പദ്ധതി വ്യാപിപ്പിക്കുന്നതാണ്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly